## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 719 28.02.2017-ൽ മറുപടിയ്ക്ക്

## കാസർകോഡ് ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക് തസ്തിക നിയമനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.കുഞ്ഞിരാമൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കാസർകോഡ് ജില്ലാ സഹകരണ ബാങ്കിൽ മാനദണ്ഡങ്ങൾ മറികടന്ന് പ്യൂൺ തസ്തികയിൽ നിന്നും സ്ഥാനകയറ്റം നൽകി ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയതുമായി ബന്ധപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർകോഡ് ജില്ലാ സഹകരണ ബാങ്കിൽ പി.എസ്.സി. മുഖേന 54 ക്ലാർക്കുമാരെ നിയമിച്ചിട്ടുണ്ട്. പ്യൂൺ തസ്തികയിൽ നിന്നും പുതുതായി 10 പേർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. റേഷ്യോ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ജില്ലാ സഹകരണ ബാങ്ക് റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരവുമാണ് പ്രൊമോഷൻ നൽകിയിട്ടുള്ളത്. 5:1 എന്ന റേഷ്യോ പ്രകാരം യഥാസമയം പ്യൂൺമാർക്ക് പ്രൊമോഷൻ നൽകാതെ പിന്നീട് 10 പേരെ ഒന്നിച്ച് പ്രൊമോഷൻ നൽകുകയാണ് ചെയ്തിട്ടുള്ളത്. |
| (ബി) | ക്ലാർക്ക്/ ക്യാഷ്യർ തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ ഇത്തരത്തിൽ പ്രമോഷൻ നൽകിയ നടപടി റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) യും (സി) യും | കാസർകോഡ് ജില്ലാ സഹകരണ ബാങ്ക്, നിലവിൽ ക്ലാർക്ക് തസ്തികയിലെ 26 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റേഷ്യോ മാനദണ്ഡങ്ങൾ പ്രകാരമുള്ള നിയമനങ്ങളിൽ അപാകത കാണുകയാണെങ്കിൽ അത്തരം നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരം തസ്തികയിൽ പി.എസ്.സി മുഖേന തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | | പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത തസ്തികകളിൽ മറ്റ് രീതികളിൽ നിയമനം നടത്താൻ പാടില്ലെന്ന് ബാങ്കിന് കർശന നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ